എക്സ്പ്ലനേഷൻ നടത്തുന്നതാണ് ഈ സഭയിലെ കീഴ്വഴക്കം. അതല്ലാതെ ഒരു മെമ്പർ പ്രസംഗിച്ചുകഴിഞ്ഞാൽ ഉടൻ ചാടി എഴുന്നേറ്റ് മറുപടി പറയുകയല്ല. ഞാൻ ധരിച്ചത് ശ്രീ. പന്തളം സുധാകരൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നതിനാണ് എണീറ്റതെന്നാണ്. 5 മിനിറ്റ് കഴിഞ്ഞപ്പോഴാണ് അറിയുന്നത് അദ്ദേഹത്തെക്കുറിച്ചുള്ള അഴിമതിയാരോപണത്തിന് മറുപടി പറയാനാണെന്ന്. എന്ത് ഏർപ്പാടാണിത് ? എന്തും ഈ സഭയിലാകാമോ ? അതുകൊണ്ട് ഈ കാര്യത്തിൽ അങ്ങയുടെ റൂളിംഗുണ്ടാകണം. പേഴ്സണൽ എക്സ്പ്ലനേഷൻ നടത്തുന്നതിന് ഒരു കീഴ്വഴക്കമുണ്ട്. അതനുസരിച്ചു മാത്രമേ നൽകാവൂ.

മി. ചെയർമാൻ : ഇവിടെ ബഹുമാനപ്പെട്ട ശ്രീ. പന്തളം സുധാകരനെ കുറിച്ച് മന്ത്രി നടത്തിയ പരാമർശത്തിന് പേഴ്സണൽ എക്സ്പ്ലനേഷൻ അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിട്ടുണ്ട്. അതിന് അദ്ദേഹത്തിന് അവസരം നൽകുകയാണ്.

X വ്യക്തിപരമായ വിശദീകരണങ്ങൾ

എക്സൈസ്-പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി ശ്രീ. പന്തളം സുധാകരൻ : സർ, ശ്രീ. ടി.കെ. രാമകൃഷ്ണൻ പറഞ്ഞതുപോലെ ഇത് മറുപടിയല്ല, അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ ചർച്ചയുടെ അവസാനം പറയും. ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടി പറഞ്ഞത്, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്ന ഷാപ്പ് ലേലത്തിൽ സർക്കാരിന് ഭീമമായ നഷ്ടമുണ്ടാകുന്ന രൂതോ ഒരു തിരിമറി നടന്നിരിക്കുന്നുവെന്ന പുകമറ ഉണ്ടാക്കിയിരിക്കുന്നുവെന്നാണ്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു പുതിയ അറിവാണ്. 1994-95 അബ്കാരി വർഷം മുതൽ മൂന്നുവർഷത്തേക്കാണ് തൃശ്ശൂർ, എറണാകുളം ജില്ലകളിൽ കള്ളുഷാപ്പ് ലേലം ചെയ്തു നൽകിയിരിക്കുന്നത്. ആ സാങ്കേതിക കാരണം കൊണ്ടാണ് ഈ പ്രാവശ്യം ലേലം നടത്താൻ സാദ്ധ്യമല്ലാത്തത്. അതല്ലാതെ എന്തെങ്കിലും കോൺട്രാക്ടർമാരുടെയോ ശ്രീ. കൃഷ്ണൻകുട്ടിയുടെയോ സമ്മർദ്ദത്തിനുവഴങ്ങിയല്ല. ഇത്തരം പാപ്പരത്വം ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയെപ്പോലുള്ള ബഹുമാനപ്പെട്ട മെമ്പറിൽ നിന്ന് ഉണ്ടായതിൽ ഞാൻ ലജ്ജിക്കുന്നു. എന്നെക്കുറിച്ചും എക്സൈസ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചും ഇപ്പോഴും നടത്തിയ പരാമർശത്തെ ഞാൻ പൂർണ്ണമായും നിഷേധിക്കുകയാണ്. ഇത് അടിസ്ഥാനരഹിതമാണ്.

മി. ചെയർമാൻ : Minister for Electricity has also requested for personal explanation. I call the Minister for explanation.

ശ്രീ.കെ. കൃഷ്ണൻകുട്ടി : സർ, ലൈസൻസ് റദ്ദുചെയ്യാൻ ഗവൺമെന്റിന് അധികാരമുണ്ട്. അബ്കാരി ചട്ടത്തിലും നിയമത്തിലും അതിന് വ്യവസ്ഥകളുമുണ്ട്. അത് ഉപയോഗിച്ചില്ല, അറിഞ്ഞിട്ടും ഉപയോഗിക്കാതിരുന്നതിന്റെ ഫലമായി 50 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടായി. അതിന്റെ ഫലമായി അദ്ദേഹത്തിന് ഒരുകോടി രൂപ ലാഭം കിട്ടിയെന്നാണ് എന്റെ ആരോപണം. അറിഞ്ഞുകൊണ്ട് അത് റദ്ദുചെയ്യാതിരുന്നത് എന്തുകൊണ്ടാണ് ?അതിനാണ് മറുപടി പറയേണ്ടത് ? കൂടുതൽ തുകയ്ക്ക് എവിടെ പോകുന്നുവെന്ന് സർക്കാരിനറിയില്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

(2) വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ) : സർ ബഹുമാനപ്പെട്ട അംഗം കൃഷ്ണൻകുട്ടി വിദ്യുച്ഛക്തി വകുപ്പിനെ സംബന്ധിച്ച് സൂചിപ്പിച്ച ചില ആരോപണങ്ങൾ ഞാൻ മന്ത്രിയായതിന് മുൻപുള്ള ചില കോടതി വിധികളെക്കുറിച്ചുള്ളതാണ്. അതിന്റെ ഡോറുകൾ എനിക്കറിയില്ല. അതിന്റെ വിശദാംശം അറിയാത്തതുകൊണ്ട് ഞാൻ പൂർണ്ണമായും നിഷേധിക്കുന്നില്ല. കോടതിവിധിയുടെ വിശദാംശങ്ങൾ പൂർണ്ണമായും ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിക്കുതന്നെ അറിയാം. അത് കോടതിവിധിയുടെ അടിസ്ഥാനത്തിൽ ചെയ്തതാണ്. മന്ത്രിയെന്നുള്ള നിലയ്ക്ക് കാർത്തികേയന് ഇതിനകത്ത് ഒരു പങ്കുമില്ല. അതിന്റെ ഡോറുകളെല്ലാം കളക്ടു ചെയ്തിട്ട് മന്ത്രിമാർ മറുപടി പറയേണ്ട സമയത്ത് വ്യക്തമായ മറുപടി പറഞ്ഞുകൊള്ളാം.

1996-97 സാമ്പത്തികവർഷത്തേക്കുള്ള ഇടക്കാല ബഡ്ജറ്റിനെപ്പറ്റി പൊതുചർച്ച (തുടർച്ച)

ശ്രീ. കെ.കെ. നായർ : സർ, ഈ ബഡ്ജറ്റ് സൂക്ഷിച്ചുനോക്കിയാൽ ഒരു കാര്യം മനസ്സിലാകും. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സുസ്ഥിരമായ ഒരു സാമ്പത്തിക സ്ഥിതിയിലേക്ക് കാലൂന്നുന്നു. ഏറ്റവും വലിയ ഒരു പ്രതിസന്ധിയിലാണ് കേന്ദ്ര ഗവൺമെന്റ് അധികാരത്തിൽ വന്നതെന്ന് നമുക്കറിയാം. നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് നെല്ലിപ്പലക കണ്ട ഒരു അവസരത്തിലാണ് ശ്രീ. നരസിംഹറാവുവിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. അദ്ദേഹം 5 വർഷം പൂർത്തിയാക്കി. രാജ്യത്തിന്റെ സാമ്പത്തിക സ്ഥിതി വളരെയധികം ഉയർത്തിക്കൊണ്ടുവരാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഇന്ന് നമ്മുടെ ഫോറിൻ എക്സ്ചേഞ്ച് അറുപത്തിരണ്ടായിരം കോടിയാണ്. ഈ രീതിയിൽ അതിന്റെ പ്രത്യാഘാതം കേരളാ ഗവൺമെന്റിനും അനുഭവപ്പെട്ടിട്ടുണ്ട്. നമ്മുടെ ട്രഷറികൾ മാസം തോറും പൂട്ടിക്കൊണ്ടിരുന്ന സ്ഥിതി മാറി, ഇന്ന് ഒരു സുസ്ഥിരമായ സ്ഥിതിയിലേക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. പക്ഷേ ഈ ബഡ്ജറ്റ് ഇംപ്ലിമെന്റേഷനിൽ ഗവൺമെന്റ് കുറെക്കൂടി ശ്രദ്ധിക്കണം. കഴിഞ്ഞ ഒന്ന് ഒന്നര മാസം മുൻപ് നമ്മുടെ ജില്ലാ കൗൺസിലുകളിലേക്ക് ചില ഡിപ്പാർട്ടുമെന്റുകളുടെ ഫണ്ടുകളൊക്കെ കൈമാറി. പ്രധാനമായും വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റാണ്. വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിൽ സ്കൂൾ കെട്ടിടങ്ങൾ പലതും പണി നടന്നുകൊണ്ടിരിക്കുകയാണ്. അവർക്കുള്ള ഫണ്ട് ജില്ലാ കൗൺസിലിലേക്ക് കൈമാറിയതുകൊണ്ട് പണി ചെയ്യുന്ന ആളുകൾക്ക് പണം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. അവർക്ക് ഇപ്പോൾ എസ്റ്റിമേറെടുത്ത് പണി ചെയ്യാനുള്ള സാഹചര്യമില്ല. ചീഫ് എഞ്ചിനീയർ പൂർത്തിയായ പണികളുടെ ബിൽ അവർക്ക് അയച്ചുകൊടുക്കാൻ നിർദ്ദേശിച്ചു. അപ്പോഴാണ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ നിന്നും മറെറാരു ഉത്തരവ്. സ്റേറ്റിന്റെ ഫണ്ട് സ്റേറ്റ് ഉപയോഗിക്കണം. ജില്ലാ കൗൺസിലിന്റെ ഫണ്ട് അവർ ഉപയോഗിക്കണമെന്നുപറഞ്ഞു. ഈ രീതിയിൽ ആ ഫണ്ട് മാർച്ച് അവസാനമാകുമ്പോൾ ലാപ്സാകുന്ന ഒരു സ്ഥിതിയുണ്ടാകും. ചിലവാകാത്ത ഫണ്ട് തിരിച്ചെടുത്ത് ചെയ്ത വർക്കിന് കോൺട്രാക്ടർക്ക് കൊടുത്തില്ലെങ്കിൽ അടുത്ത സാമ്പത്തികവർഷം തുടങ്ങുന്ന അവസരത്തിൽ സാധനങ്ങൾ കെട്ടാനുള്ള സാഹചര്യമുണ്ടാവുകയില്ല. വിദ്യാർത്ഥികളും വളരെ ബുദ്ധിമുട്ടും. ഇന്ന് പ്രതിപക്ഷ പാർട്ടികൾ ഈ ഗവൺമെന്റിനെതിരായി ശക്തമായ ആരോപണം ഉന്നയിക്കുന്നു. അഴിമതി ആരോപണം, തൊഴിലില്ലായ്മ, വിലക്കയറ്റം,

LIBRARY ARCHIVES Kerala Legislative Assembly